"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - അക്കാദമികം - പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ ആറാം സെമസ്റ്റർ വിദ്യാർത്ഥി ശ്രീ.മുഹമ്മദ് ഹിജാസ്.പി.ടി-ക്കു സ്ക്രൈബിന്റെ സഹായം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.435/2026/HEDN തീയതി,തിരുവനന്തപുരം, 26-03-2026

---

പരാമർശം:-
1. 16-02-2011 തീയതിയിലെ GO(MS)22/2011/HEDN
2. ശ്രീ.ഹിജാസ് പി.ടി 16.03.2026 ൽ സമർപ്പിച്ച അപേക്ഷ.
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 18.03.2026 ലെ ഡി.ടി.ഇ.ടി.വി.എം/2393/2026-സി2(എ.സി.എ) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിലെ ആറാം സെമസ്റ്റർ വിദ്യാർത്ഥി ശ്രീ.മുഹമ്മദ് ഹിജാസ്.പി.ടി. (രജി. നം.2301030238) അപകടത്തെത്തുടർന്നുണ്ടായ പരുക്കിൽ 15/03/2026 തീയതിയിൽ വലതു കൈയിലെ നടുവിരലും മോതിരവിരലും മുറിച്ചുമാറ്റുന്ന മേജർ ശസ്ത്രക്രിയയ്ക്ക് വിധേയനായിട്ടുള്ളതും കൂടുതൽ ശസ്ത്രക്രിയകൾ ആവശ്യമായി വന്നേക്കാമെന്നും നിലവിൽ കൈയ്ക്ക് പൂർണ വിശ്രമം നൽകണമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുള്ളതുമായ വസ്തുതകൾ സൂചിപ്പിച്ചുകൊണ്ട് ടിയാന് ആറാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് സ്ക്രൈബിന്റെ സഹായം അനുവദിക്കണമെന്നു അഭ്യർത്ഥിച്ചു സമർപ്പിച്ച അപേക്ഷ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തു സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. അപേക്ഷയിലെ വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.മുഹമ്മദ് ഹിജാസ്.പി.ടി. യുടെ അക്കാദമിക നിലവാരം, കൂടാതെ ടിയാന്റെ ആരോഗ്യസ്ഥിതി വ്യക്തമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിദ്യാർ ത്ഥിയുടെ ഭാവി കൂടി മുൻനിർത്തി ഇതൊരു സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് ആറാം സെമസ്റ്റർ പരീക്ഷകൾ സ്ക്രൈബിന്റെ സഹായത്തോടെ എഴുതുന്നതിന് ശ്രീ.മുഹമ്മദ് ഹിജാസ്.പി.ടി-ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.നിലവിലെ നിയമപ്രകാരം ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക്

സ്റ്റൈപ്പെൻഡ് അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ശ്രീ.മുഹമ്മദ് ഹിജാസ്.പി.ടി-യുടെ കാര്യത്തിലും പാലിക്കുന്നുണ്ട് എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സാങ്കേതിക പരീക്ഷ ജോയിന്റ് കൺട്രോളർ, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)

ശ്രീ.മുഹമ്മദ് ഹിജാസ്.പി.ടി (രജി. നം.2301030238), സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Geetha Lekshmi. G
Date: 26-03-2026 16:59:34

സെക്ഷൻ ഓഫീസർ